

## ഖുർആൻ ബോധനം

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് പരീക്ഷണാർഥമാണ്. അവൻ സ്വീകരിക്കുന്ന ജീവിത പാത സത്യത്തിന്റേതും ധർമത്തിന്റേതുമാണോ അതല്ല അസത്യത്തിന്റേതും അധർമത്തിന്റേതുമാണോ എന്നാണ് പരീക്ഷണം. ഈ തെരഞ്ഞെടുപ്പ് സാർഥകമാകാൻ സത്യത്തോടൊപ്പം അസത്യവും, സന്മാർഗത്തോടൊപ്പം ദുർമാർഗവും ഉണ്ടായിരിക്കണം.

▸ എ.വൈ.ആർ

### സൂറ - 22

# അൽഹജ്ജ്

**52.** പ്രവാചകാ, നിനക്ക് മുമ്പ് നാം അയച്ചിട്ടുള്ള ഏത് റസൂലാകട്ടെ, നബിയാകട്ടെ, അദ്ദേഹം ആഗ്രഹിക്കുമ്പോൾ ആ ആഗ്രഹത്തിൽ ചെകുത്താൻ ഇടപെടാതിരുന്നിട്ടില്ല. അപ്പോൾ ചെകുത്താന്റെ ഇടങ്കോലിനെ അല്ലാഹു മായ്ച്ചുകളയുന്നു. എന്നിട്ട് അവന്റെ സൂക്തങ്ങളെ ഭദ്രമാക്കുന്നു. അല്ലാഹു സർവജ്ഞനും യുക്തിമാനുമല്ലോ.

وَمَآ أَرۡسَلۡنَا مِن قَبۡلِكَ مِن رَّسُولٖ وَلَا نَبِيٍّ إِلَّآ إِذَا تَمَنَّىٰٓ أَلۡقَى ٱلشَّيۡطَٰنُ فِيٓ
أُمۡنِيَّتِهِۦ فَيَنسَخُ ٱللَّهُ مَا يُلۡقِي ٱلشَّيۡطَٰنُ ثُمَّ يُحۡكِمُ ٱللَّهُ ءَايَٰتِهِۦۗ وَٱللَّهُ
عَلِيمٌ حَكِيمٞ ٥٢

**53.** മനസ്സിൽ രോഗമുള്ളവർക്കും ഹൃദയം കടുത്തുപോയവർക്കും ഒരു പരീക്ഷണമാക്കേണ്ടതിനത്രെ ഈ സാത്താനിക ഇടപെടലുകൾ. ഇത്തരം അതിക്രമകാരികൾ സത്യവിരോധത്തിൽ ബഹുദൂരം പൊയ്ക്കഴിഞ്ഞിരിക്കുന്നു.

لِّيَجۡعَلَ مَا يُلۡقِي ٱلشَّيۡطَٰنُ فِتۡنَةٗ لِّلَّذِينَ فِي قُلُوبِهِم
مَّرَضٞ وَٱلۡقَاسِيَةِ قُلُوبُهُمۡۗ وَإِنَّ ٱلظَّٰلِمِينَ لَفِي شِقَاقِۭ بَعِيدٖ
٥٣

**54.** ജ്ഞാനം ലഭിച്ച സജ്ജനങ്ങൾ ഈ ദീൻ നിന്റെ നാഥങ്കൽ നിന്നുള്ള സത്യമെന്നറിയാനും അതിൽ വിശ്വസിക്കാനും, അവരുടെ ഹൃദയങ്ങൾ അതിനോട് വണക്കമുള്ളതായിത്തീരാനും കൂടിയാകുന്നു ഇങ്ങനെ സംഭവിക്കുന്നത്. സജ്ജനങ്ങളെ നേരായ പാതയിലേക്ക് നയിക്കുന്നവൻ തന്നെയാണ് അല്ലാഹു.

وَلِيَعۡلَمَ ٱلَّذِينَ أُوتُواْ ٱلۡعِلۡمَ أَنَّهُ ٱلۡحَقُّ مِن رَّبِّكَ فَيُؤۡمِنُواْ بِهِۦ
فَتُخۡبِتَ لَهُۥ قُلُوبُهُمۡۗ وَإِنَّ ٱللَّهَ لَهَادِ ٱلَّذِينَ ءَامَنُوٓاْ إِلَىٰ صِرَٰطٖ مُّسۡتَقِيمٖ
٥٤

## 52-54

وَمَآ أَرۡسَلۡنَا مِن قَبۡلِكَ = (പ്രവാചകാ) നിനക്ക് മുമ്പ് നാം അയച്ചിട്ടില്ല(അയച്ചിട്ടുള്ള)
مِن رَّسُولٖ = (ഏതു റസൂലാകട്ടെ) റസൂലിൽ നിന്ന് وَلَا نَبِيٍّ = ഇല്ല നബിയും(ആകട്ടെ)
إِلَّآ إِذَا تَمَنَّىٰٓ أَلۡقَى ٱلشَّيۡطَٰنُ = (ഇടപെടാതിരുന്നിട്ടില്ല) അദ്ദേഹം ആഗ്രഹിക്കുമ്പോൾ ചെകുത്താൻ ഇടപെട്ടിട്ടല്ലാതെ
فِيٓ أُمۡنِيَّتِهِۦ = (ആ) ആഗ്രഹത്തിൽ അദ്ദേഹത്തിന്റെ فَيَنسَخُ ٱللَّهُ = അപ്പോൾ അല്ലാഹു മായ്ച്ചുകളയുന്നു
مَا يُلۡقِي ٱلشَّيۡطَٰنُ = (ചെകുത്താന്റെ ഇടങ്കോലിനെ) ചെകുത്താൻ ഇടുന്നതിനെ ثُمَّ = എന്നിട്ട്
يُحۡكِمُ ٱللَّهُ = അല്ലാഹു ഭദ്രമാക്കുന്നു ءَايَٰتِهِۦۗ = അവന്റെ സൂക്തങ്ങളെ, ദൃഷ്ടാന്തങ്ങളെ
وَٱللَّهُ عَلِيمٌ = സർവജ്ഞനല്ലോ അല്ലാഹു حَكِيمٌ = യുക്തിമാ(നും)നായ
لِّيَجۡعَلَ مَا يُلۡقِي ٱلشَّيۡطَٰنُ = ചെകുത്താൻ ഇടുന്നതിനെ(സാത്താനിക ഇടപെടൽ)ആക്കുന്നതിനു വേണ്ടിയത്രെ
فِتۡنَةٗ = ഒരു പരീക്ഷണം لِّلَّذِينَ فِي قُلُوبِهِم = മനസ്സിൽ ഉള്ളവർക്ക് مَّرَضٞ = രോഗം
وَٱلۡقَاسِيَةِ قُلُوبُهُمۡۗ = ഹൃദയം കടുത്തു പോയവർക്കും وَإِنَّ ٱلظَّٰلِمِينَ = തീർച്ചയായും ഇത്തരം അതിക്രമകാരികൾ
لَفِي شِقَاقِۭ = വിഘടനത്തിൽ, വിരോധത്തിൽ തന്നെ بَعِيدٖ = വിദൂരമായ (ബഹുദൂരം പൊയ്ക്കഴിഞ്ഞിരിക്കുന്നു)
وَلِيَعۡلَمَ = അറിയാനും ٱلَّذِينَ أُوتُواْ ٱلۡعِلۡمَ = ജ്ഞാനം നൽകപ്പെട്ടവർ (ജ്ഞാനം ലഭിച്ച സജ്ജനങ്ങൾ)
أَنَّهُ = (ഈ ദീൻ) എന്തെന്നാൽ അത് ٱلۡحَقُّ = സത്യമാകുന്നു مِن رَّبِّكَ = നിന്റെ നാഥങ്കൽ നിന്നുള്ള
فَيُؤۡمِنُواْ بِهِۦ = അവർ അതിൽ വിശ്വസിക്കാനും
فَتُخۡبِتَ لَهُۥ = (കൂടിയാകുന്നു അങ്ങനെ സംഭവിക്കുന്നത്) അതിനോട് വണക്കമുള്ളതായിത്തീരാനും
قُلُوبُهُمۡۗ = അവരുടെ ഹൃദയങ്ങൾ وَإِنَّ ٱللَّهَ = നിശ്ചയമായും അല്ലാഹു لَهَادِ = നയിക്കുന്നവൻ തന്നെയാകുന്നു
ٱلَّذِينَ ءَامَنُوٓاْ = (സജ്ജനങ്ങളെ) സത്യവിശ്വാസികളെ إِلَىٰ صِرَٰطٖ مُّسۡتَقِيمٖ = നേരായ പാതയിലേക്ക്

റസൂലും നബിയും തമ്മിലുള്ള വ്യത്യാസം നേരത്തെ സൂറഃ *മർയം* 19-ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിരിക്കുന്നു. أمنية (ആഗ്രഹം, ആഗ്രഹ സാഫല്യത്തിനുള്ള പ്രയത്നം)ത്തിൽ നിന്നുള്ള ക്രിയാ പദമാണ് تمنى. പാരായണം എന്നു കൂടി ഈ പദത്തിന് അർഥം കൽപിക്കപ്പെട്ടിരിക്കുന്നു. രണ്ടർഥങ്ങളെയും ആധാരമാക്കി വ്യത്യസ്ത വ്യാഖ്യാനങ്ങളുണ്ടായിട്ടുണ്ട്. القاء (ഇടുക)യിൽ നിന്നുള്ള ക്രിയയാണ് يلقى. ഈ പദത്തിന്റെ ആശയം സൂറഃ *ത്വാഹാ*യിൽ വിശദീകരിച്ചിട്ടുണ്ട്. ഇവിടെ أَلۡقَى ٱلشَّيۡطَٰنُ ഉപയോഗിച്ചത് ചെകുത്താൻ ഇടപെട്ടു, ഇടങ്കോലിട്ടു, തടസ്സപ്പെടുത്തി എന്ന അർഥത്തിലാണ്. മനസ്സിൽ രോഗമുള്ളവർ- فِي قُلُوبِهِم مَّرَضٞ - എന്നു പറഞ്ഞത് ചിത്തരോഗികളെ ഉദ്ദേശിച്ചല്ല. ഖുർആന്റെ ഭാഷയിൽ അജ്ഞതയും അന്ധവിശ്വാസങ്ങളും കാപട്യവും രാഗ ദ്വേഷ കാമ മോഹ ലോഭാദികളുടെ അതിപ്രസരവുമെല്ലാമാണ് മനസ്സിലെ രോഗങ്ങൾ. ഹൃദയം കടുത്തവർ- وَٱلۡقَاسِيَةِ قُلُوبُهُمۡ - അന്ധവിശ്വാസങ്ങളിലും വ്യാമോഹങ്ങളിലും മൂടുറച്ചുപോയവരും, പ്രമാണാധിഷ്ഠിതവും ബുദ്ധിപരവുമായ ഉദ്ബോധനങ്ങളൊന്നും കേൾക്കാനേ തയാറില്ലാത്തവരുമായ ആളുകളാണ്.

സൂക്തത്തിലെ أُمۡنِيَّتِهِۦ -നെ അതിന്റെ പ്രചുരമായ അർഥത്തിലെടുത്തുകൊണ്ടുള്ളതാണ് കൂടുതൽ പ്രബലമായിട്ടുള്ള വ്യാഖ്യാനം. മുമ്പും പിമ്പും പറയുന്ന കാര്യങ്ങളോട് ചേർന്നു നിൽക്കുന്നതും അതാണ്. സൂറയുടെ ആരംഭം മുതലേ പറഞ്ഞുവരുന്നത് സത്യ നിഷേധികൾ പ്രവാചക സന്ദേശത്തിനെതിരെ ഉന്നയിക്കുന്ന കുതർക്കങ്ങളെക്കുറിച്ചാണ്. അവരുടെ കുതർക്കങ്ങളും പ്രതിലോമ പ്രവർത്തനങ്ങളും ചെകുത്താന്റെ പ്രചോദനത്താലാണെന്നും വ്യക്തമാക്കിയിരിക്കുന്നു. അടിസ്ഥാനരഹിതമായ വിമർശനങ്ങളും അപവാദങ്ങളും പ്രചരിപ്പിച്ചും മർദിച്ചും പീഡിപ്പിച്ചും ആളുകളെ സത്യവിശ്വാസത്തിൽ നിന്ന് അകറ്റാൻ ശ്രമിക്കുകയായിരുന്നു അവർ. സഹികെട്ട് കുറെ വിശ്വാസികൾ അബ്സീനിയയിലേക്ക് പലായനം ചെയ്തപ്പോൾ നജ്ജാശി രാജാവിനെ സ്വാധീനിച്ച് അവിടെ നിന്ന് അവരെ തുരത്താൻ ഖുറൈശി പ്രതിനിധികൾ ശ്രമിക്കുകയുണ്ടായി. പിന്നീട് മദീനയിലേക്ക് പലായനം തുടങ്ങിയപ്പോൾ അത് തടയാനും പലവിധ ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. പുറം നാടുകളിൽ നിന്ന് മക്കയിലെത്തുന്ന തീർഥാടകരും കച്ചവടക്കാരും പ്രവാചകനുമായി സംസാരിക്കുന്നത് തടയാനും അവർ ഏർപ്പാടുകൾ ചെയ്തിരുന്നു. പ്രവാചകനെ കൊന്നുകളയാനും പരിപാടിയിട്ടിരുന്നു. ഇത്തരം നടപടികളെയാണ് ഇവിടെ ചെകുത്താന്റെ ഇടങ്കോലിടലായി പറഞ്ഞിരിക്കുന്നത്. ഇതുപോലുള്ള പ്രതിലോമ നിലപാടുകളെക്കുറിച്ചാണ് തുടർന്ന് പറയുന്നത്.

പ്രവാചകന്റെ ആഗ്രഹം -أمنية- എന്ന് പറയുന്നത് ജനങ്ങളുടെ സന്മാർഗം- ഹിദായത്ത്- ആഗ്രഹിച്ചുകൊണ്ട് അദ്ദേഹം നടത്തുന്ന പ്രവർത്തനങ്ങളാണ്. അതാണല്ലോ പ്രവാചകന്റെ നിയോഗ ലക്ഷ്യം. സാത്താനിക പ്രചോദനത്താൽ അവിശ്വാസികൾ തന്റെ ദൗത്യത്തിന് മുന്നിൽ സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങളിൽ ഖിന്നനാകുന്ന പ്രവാചകനെ അല്ലാഹു സമാധാനിപ്പിക്കുകയാണ്: പ്രവാചകന്മാർ നിഷേധിക്കപ്പെടുന്നതും അവരുടെ പ്രവർത്തനങ്ങൾക്ക് മുന്നിൽ ചെകുത്താന്മാർ പ്രതിബന്ധങ്ങളുയർത്തുന്നതുമൊന്നും പുതിയ കാര്യമല്ല. പൂർവ പ്രവാചകന്മാരെല്ലാം ഇത്തരം കടുത്ത പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടിവന്നിട്ടുള്ളവരാണ്. പക്ഷേ, പ്രതിലോമ ശക്തികൾക്കൊന്നും നിലനിൽപില്ല. അല്ലാഹു അതെല്ലാം പരാജയപ്പെടുത്തും. അവന്റെ ആദർശത്തെ ഭദ്ര

മാക്കി നിലനിർത്തുകയും ചെയ്യും. പ്രവാചകൻ സ്വന്തം ദൗത്യവുമായി മുന്നോട്ടുപോവുക; അല്ലാഹു ഈ ദീനിനെ വിജയിപ്പിക്കുക തന്നെ ചെയ്യും. ശഹീദ് സയ്യിദ് ഖുത്ബ്, അല്ലാമാ മുഹമ്മദ് മുതവല്ലി ശഅ്റാവി തുടങ്ങിയ ആധുനിക പണ്ഡിതന്മാരുടെ വീക്ഷണത്തിൽ ഇത് പ്രവാചകനു മാത്രമുള്ള സാന്ത്വനമല്ല. അദ്ദേഹത്തിനു ശേഷം അദ്ദേഹത്തിന്റെ ദൗത്യം ഏറ്റെടുക്കുന്ന എല്ലാ ദീനീ പ്രബോധകർക്കുമുള്ളതാണ്. പ്രവാചകന്മാർ നേരിട്ടതൊക്കെ ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ അവരും നേരിടേണ്ടിവരും. അപ്പോൾ തളർന്നുപോകരുത്. ആളുകളെ ആകർഷിക്കാൻ വേണ്ടി, അല്ലാഹു അനുവദിക്കാത്ത കുതന്ത്രങ്ങൾ അവലംബിക്കരുത്. ദീനിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ വെള്ളം ചേർക്കുകയുമരുത്. അത്തരം പ്രവണതകൾ ചെകുത്താന്റെ ഇടപെടലായി മനസ്സിലാക്കി സൂക്ഷ്മത പാലിക്കണം.

പ്രവാചകന്മാരെയും പിൽക്കാല പ്രബോധകരെയും അല്ലാഹു ഇത്തരം പൈശാചിക പ്രതിബന്ധങ്ങൾക്കും പ്രയാസങ്ങൾക്കും വിധേയരാക്കുന്നതെന്തിനാണ് എന്നു ചോദിച്ചേക്കാം. അവരുടെയും അവരുടെ പ്രബോധിതരുടെയും വിശ്വാസത്തിന്റെ മാറ്റുരക്കാൻ എന്നാണ് മറുപടി. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് പരീക്ഷണാർഥമാണ്. അവൻ സ്വീകരിക്കുന്ന ജീവിത പാത സത്യത്തിന്റേതും ധർമത്തിന്റേതുമാണോ അതല്ല അസത്യത്തിന്റേതും അധർമത്തിന്റേതുമാണോ എന്നാണ് പരീക്ഷണം. ഈ തെരെഞ്ഞെടുപ്പ് സാർഥകമാകാൻ സത്യത്തോടൊപ്പം അസത്യവും, സന്മാർഗത്തോടൊപ്പം ദുർമാർഗവും ഉണ്ടായിരിക്കണം. തിന്മയുടെയും അതിലേക്ക് പ്രചോദിപ്പിക്കുന്ന ചെകുത്താന്റെയും അഭാവത്തിൽ പ്രവാചക നിയോഗത്തിന് സാംഗത്യമില്ല. അതിനാൽ ഏതു പ്രവാചകനും പ്രബോധകനും സാത്താന്റെ ഇടപെടലുകളെ നേരിട്ടേ പറ്റൂ. ചെകുത്താന്റെ ഇടപെടൽ മൂലം കുഴപ്പത്തിലാകുന്നത് രണ്ടു കൂട്ടരാണ്. ഒന്ന് മനസ്സിൽ കാപട്യം, ഭൗതിക നേട്ടങ്ങളിൽ ആർത്തി, അമിതമായ കാമ മോഹാദികൾ തുടങ്ങിയ രോഗങ്ങളുള്ളവർ. രണ്ട്, അസത്യത്തിലും അന്ധവിശ്വാസങ്ങളിലും മൂടുറച്ച് അതിനപ്പുറമൊന്നും കേൾക്കാനോ മനസ്സിലാക്കാനോ കഴിയാത്തവർ അഥവാ തയാറാവാത്തവർ. എന്നാൽ, പ്രവാചക സന്ദേശം ശ്രദ്ധിച്ചു കേൾക്കുകയും അതേപ്പറ്റി ബുദ്ധിപൂർവം ചിന്തിക്കുകയും ചെയ്യുന്നവരുണ്ടല്ലോ, അവരാണ് ജ്ഞാനം ലഭിച്ചവർ- ٱلَّذِينَ أُوتُواْ ٱلْعِلْمَ . അവരെ സംബന്ധിച്ചേടത്തോളം പൈശാചിക ശക്തികളുടെ പ്രതിലോമപരമായ ഇടപെടലുകൾ ഈ ദീൻ അല്ലാഹുവിങ്കൽ നിന്നുള്ള സത്യം തന്നെയാണെന്ന് ബോധ്യപ്പെടാനുള്ള തെളിവാകുന്നു. അവരുടെ മനസ്സ് പിശാച് വിതക്കുന്ന രോഗങ്ങൾക്കടിപ്പെടുന്നില്ല. സത്യസന്ധവും യുക്തിയുക്തവുമായ ആശയാദർശങ്ങൾക്ക് കടന്നു ചെല്ലാനാവാത്തവിധം കടുത്തുപോയതല്ല അവരുടെ മനസ്സ്. ഈ ദീനിനെതിരെ പൈശാചിക ശക്തികൾ ഇത്രയേറെ രോഷം കൊള്ളുന്നതും അതിന്റെ പ്രയാണത്തിന് മുമ്പിൽ തടസ്സങ്ങൾ സൃഷ്ടിക്കാൻ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കുന്നതും അത് ദൈവത്തിങ്കൽ നിന്നുള്ള സത്യദീനായതുകൊണ്ടു തന്നെയാണെന്ന് മനസ്സിലാക്കുമ്പോൾ അവരുടെ ഹൃദയങ്ങൾ ഭക്തിനിർഭരമാവുകയും ഈ ദീനിന് വിധേയമായിത്തീരുകയും ചെയ്യുന്നു. അത്തരം ആളുകളെ അല്ലാഹു തീർച്ചയായും സന്മാർഗത്തിലേക്ക് നയിച്ചുകൊണ്ടിരിക്കും. ചെകുത്താനെ പിന്തുടരുകയും അവന്റെ പ്രചോദനങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാവട്ടെ ഈ സന്ദേശത്തിൽ നിന്ന് ബഹുദൂരം അകന്നുപോവുകയാണ്. لَفِى شِقَاقٍۭ بَعِيدٍ എന്നാണ് മൂല വാക്ക്. വിഘടനം, പിളർപ്പ്, വിരോധം തുടങ്ങിയ ആശയങ്ങളെല്ലാം വഹിക്കുന്ന പദമാണ് شِقَاق.

ഇതാണ് പ്രകൃത സൂക്തങ്ങൾ മുമ്പും പിമ്പുമുള്ള സൂക്തങ്ങളുമായി ചേർത്തു വായിക്കുമ്പോൾ മനസ്സിലാകുന്ന ആശയം. പ്രഗത്ഭരായ പൂർവ പണ്ഡിതന്മാരിൽ ചിലരും ആധുനിക പണ്ഡിതന്മാരിൽ അധിക പേരും സ്വീകരിച്ചിട്ടുള്ളതും ഈ വിധമുള്ള വ്യാഖ്യാനമാണ്. أُمْنِيَّة-ന് പാരായണം എന്ന് അർഥം കൽപിച്ചുകൊണ്ടുള്ള വ്യാഖ്യാനം രണ്ടുതരമുണ്ട്. ഒന്ന്, പ്രവാചകൻ വേദസൂക്തങ്ങൾ കേൾപ്പിക്കാൻ ശ്രമിക്കുമ്പോൾ ചെകുത്താൻ അതിലിടപ്പെട്ട് ആളുകളെ ആശയക്കുഴപ്പത്തിലാക്കുക എന്നത് എല്ലാ പ്രവാചകന്മാരും നേരിടേണ്ടിവന്നിട്ടുള്ള പ്രതിസന്ധിയാണ്. ചിലപ്പോൾ ചെകുത്താൻ വേദവചനങ്ങൾക്കിടയിൽ സ്വന്തം വചനങ്ങൾ കുത്തിത്തിരുകി ശ്രോതാക്കളെ വഴിതെറ്റിക്കാൻ ശ്രമിക്കും. ചിലപ്പോൾ പ്രവാചകന്മാരുടെ വേദമോത്തിനെ പരിഹസിച്ചുതള്ളും. ചിലപ്പോൾ അതിനെതിരെ ആക്ഷേപങ്ങളും ഖണ്ഡനങ്ങളും ഉന്നയിക്കും. ചിലപ്പോൾ വേദസൂക്തങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് ആളുകളെ അതിൽ നിന്നകറ്റും. ചിലപ്പോൾ പ്രവാചകൻ പാരായണം ചെയ്യുമ്പോൾ അത് ആളുകൾ കേൾക്കാതിരിക്കാൻ ബഹളമുണ്ടാക്കും. എന്നാൽ, ചെകുത്താന്റെ ഇത്തരം കുതന്ത്രങ്ങളൊന്നും ഏറെക്കാലം നിലനിൽക്കാൻ പോകുന്നില്ല. ചെകുത്താന്റെ വ്യാജസൂക്തങ്ങളെയും അടിസ്ഥാനരഹിതമായ ആക്ഷേപ വിമർശനങ്ങളെയുമെല്ലാം അല്ലാഹു മായ്ച്ചുകളയും. എന്നിട്ട് അടിസ്ഥാന സൂക്തങ്ങളെ ഭദ്രമായി നിലനിർത്തുകയും ചെയ്യും. ഇത്തരം പൈശാചിക ഇടപെടലുകൾ ഒരു പരീക്ഷണമാണ്. മനസ്സിൽ രോഗമുള്ളവരും ഹൃദയം കടുത്തവരും അതുവഴി സത്യത്തിൽ നിന്ന് കൂടുതൽ അകന്നുപോകുന്നു. വേദം പഠിച്ച ശുദ്ധ മനസ്കരും സുബുദ്ധികളും ചെകുത്താന്റെ ശത്രുതയെ, പ്രവാചകൻ പാരായണം ചെയ്യുന്നത് അല്ലാഹുവിങ്കൽ നിന്നുള്ള വചനങ്ങൾ തന്നെയാണെന്നതിന്റെ തെളിവായി കാണുകയും കൂടുതൽ ദൈവഭക്തരും വിനീതരുമായി ഭവിക്കുകയും ചെയ്യുന്നു. ചെകുത്താന്റെ ഇടപെടലുകളെ അല്ലാഹു മായ്ച്ചു കളയുന്നു. فَيَنسَخُ ٱللَّهُ مَا يُلْقِى ٱلشَّيْطَٰنُ എന്ന വാക്യവും ثُمَّ يُحْكِمُ ٱللَّهُ ءَايَٰتِهِۦ - പിന്നെ അല്ലാഹു അവന്റെ ആയത്തുകളെ ഭദ്രമാക്കുന്നു- എന്ന വാക്യവും ഈ വ്യാഖ്യാനത്തെ സംഗതമാക്കുന്നുണ്ട്. നിയമങ്ങളും പ്രമാണങ്ങളും ദുർബലപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന പദമാണ് نسخ. ദൈവിക ദൃഷ്ടാന്തങ്ങളെയും സൂക്തങ്ങളെയും കുറിക്കുന്നതിനാണ് آيات എന്ന് പദം ഏറെ ഉപയോഗിക്കാറുള്ളത്.

نَسَخ-നെ ഇല്ലാതാക്കുക, പരാജയപ്പെടുത്തുക എന്ന അർഥത്തിലും آيات നെ പ്രവാചക സന്ദേശം അഥവാ ദൈവിക ദീൻ എന്ന അർഥത്തിലുമാണ് ആദ്യത്തെ വ്യാഖ്യാതാക്കൾ എടുക്കുന്നത്.

أُمْنِيَّةന് പാരായാണം- قرائة - എന്ന് അർഥം നൽകിയവരിലൊരു വിഭാഗം അവതരിപ്പിക്കുന്ന മറ്റൊരു വ്യാഖ്യാനം ഇതാണ്: പ്രവാചകന്മാർ വേദം പാരായണം ചെയ്യുമ്പോൾ ചെകുത്താൻ അതിലിടപ്പെട്ട് സ്വന്തം വകയായി വേദവിരുദ്ധമായ ചില വചനങ്ങൾ അവരുടെ നാവുകളിൽ ഇട്ടുകൊടുക്കുകയും വേദവചനങ്ങളെന്നോണം അവ പാരായണം ചെയ്യിക്കുകയും ചെയ്യുക എന്ന പ്രശ്നം എല്ലാ പ്രവാചകന്മാരും നേരിട്ടിട്ടുള്ള

താണ്. മുഹമ്മദ് നബിയും അതിനിരയായിട്ടുണ്ട്. അദ്ദേഹം വിശ്വാസികളും അവിശ്വാസികളും ഉൾപ്പെട്ട ഒരു സദസ്സിൽ സൂറഃ *അന്നജ്മ്* പാരായണം ചെയ്യവെ أَفَرَءَيْتُمُ ٱللَّٰتَ وَٱلْعُزَّىٰ ﴿١٩﴾ وَمَنَوٰةَ ٱلثَّالِثَةَ ٱلْأُخْرَىٰ – എന്ന സൂക്തങ്ങളിലെത്തിയപ്പോൾ ചെകുത്താൻ تلك الغرانقة العلى وانّ شفاعتهن لترجى എന്ന വചനങ്ങൾ കൂടി അദ്ദേഹത്തിന്റെ നാവിൽ ഇട്ടു കൊടുക്കുകയും അദ്ദേഹം അത് പാരായണം ചെയ്യുകയും ചെയ്തു. അത് കേട്ട അവിശ്വാസികളായ ഖുറൈശികൾ സന്തുഷ്ടരായി. സൂറഃ അവസാനം വരെ പാരായണം ചെയ്ത ശേഷം പ്രവാചകൻ സുജൂദ് ചെയ്തപ്പോൾ അവരും ഒപ്പം സുജൂദ് ചെയ്തു. കാരണം അപ്പോൾ പ്രസ്തുത വാക്യങ്ങളുടെ അർഥം ഇങ്ങനെയായി: "ലാത്തയെയും ഉസ്സയെയും കുറിച്ച് നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? മൂന്നാമതൊരു ദേവതയായ മനാത്തയെക്കുറിച്ചും? അവരൊക്കെ ഉന്നത ദേവതകളാകുന്നു. അവരുടെ ശിപാർശ തീർച്ചയായും പ്രതീക്ഷിക്കാവുന്നതുമാകുന്നു." അനന്തരം ജിബ്‌രീൽ വന്ന് تلك الغرانقة.........لترجى എന്ന വചനങ്ങൾ അല്ലാഹു അയച്ചതോ ഞാൻ കൊണ്ടുവന്നതോ അല്ലെന്ന് അറിയിച്ചപ്പോഴാണ് പ്രവാചകന് അബദ്ധം മനസ്സിലായത്. ഈ സംഭവത്തെക്കുറിച്ചാണ് സൂറഃ *അൽ ഇസ്റാഅ്* 73-75 സൂക്തങ്ങളിൽ ഇപ്രകാരം പറയുന്നത്: "സത്യനിഷേധികൾ നിന്നെ കുഴപ്പത്തിലാക്കി, നാം അയച്ചുതന്ന ദിവ്യസന്ദേശത്തിൽ നിന്ന് വ്യതിചലിപ്പിക്കാൻ കിണഞ്ഞു ശ്രമിക്കുന്നുണ്ട്; നാം അയച്ചതല്ലാത്ത വചനങ്ങൾ നമ്മുടെ പേരിൽ കെട്ടിച്ചമക്കുന്നതിനു വേണ്ടി. അങ്ങനെ ചെയ്താൽ തീർച്ചയായും അവർ നിന്നെ ഉറ്റമിത്രമായി സ്വീകരിച്ചുകൊള്ളും. നാം ഉറപ്പിച്ചു നിർത്തിയിട്ടില്ലായിരുന്നുവെങ്കിൽ നീ അവരിലേക്ക് അൽപം ചാഞ്ഞുപോവുക വിദൂരമായിരുന്നില്ല. എങ്കിൽ ഇഹത്തിൽ തന്നെ നാം നിന്നെ ഇരട്ടി പീഡനമനുഭവിക്കുമായിരുന്നു. പരലോകത്തും ഇരട്ടി ശിക്ഷയനുഭവിപ്പിക്കും. പിന്നെ നമുക്കെതിരെ നിന്നെ സഹായിക്കാൻ ആരെയും കണ്ടെത്തുകയില്ല." ഇതോടെ താൻ ചെയ്തുപോയ ഭീമാബദ്ധത്തിൽ പ്രവാചകൻ അതീവ ദുഃഖാകുലനായി. ആ സന്ദർഭത്തിൽ അല്ലാഹുവിങ്കൽ നിന്ന് പ്രവാചകന് ലഭിച്ച സാന്ത്വന വചനങ്ങളാണ് നാം ചർച്ച ചെയ്യുന്ന ഈ സൂക്തങ്ങൾ.

ഇമാം ഇബ്നു ഹജർ, അബൂബക്ർ ജസ്സ്വാസ്, സമഖ്ശരി, ഇബ്നു ജരീർ തുടങ്ങിയ പ്രഗത്ഭരായ നിരവധി പൂർവിക പണ്ഡിതന്മാർ ഈ കഥ അപ്പടി വിശ്വസിച്ച് ഈ സൂക്തങ്ങളെ തദനുസാരം വ്യാഖ്യാനിച്ചിരിക്കുന്നു. ഇമാം റാസി, ഖാദി ഇയാദ്, ആലൂസി തുടങ്ങി ധാരാളം പൂർവ സൂരികൾ അനിഷേധ്യമായ ന്യായങ്ങൾ ഉന്നയിച്ച് ഈ കഥയെ നിഷേധിക്കുകയും ചെയ്തിരിക്കുന്നു. ശഹീദ് സയ്യിദ് ഖുത്വ്ബ്, സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി, അല്ലാമാ മുഹമ്മദ് മുതവല്ലി ശഅ്‌റാവി, ശൈഖ് മുഹമ്മദ് ത്വാഹിർ ബിൻ ആശൂർ, മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി തുടങ്ങിയ ആധുനിക ഖുർആൻ വ്യാഖ്യാതാക്കളും ഇവരുടെ പക്ഷത്താണ്. കഥയെയും തദടിസ്ഥാനത്തിലുള്ള വ്യാഖ്യാനത്തെയും നിഷേധിക്കുന്നവരുടെ ന്യായങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. പ്രവാചകൻ (സ) തനിക്കവതരിച്ചു കിട്ടിയ ഖുർആൻ സൂക്തങ്ങൾ ജനങ്ങൾക്ക് കൈമാറുമ്പോൾ ചെകുത്താൻ ഇട്ടുകൊടുത്ത വചനങ്ങൾ അതിൽ കലർത്തി എന്നു പറയുന്ന നിവേദനങ്ങളുടെ പരമ്പരകളെല്ലാം ദുർബലങ്ങളും നബി(സ)യിൽ എത്താത്തതുമാണ്. മിക്ക പരമ്പരകളും ഇബ്നു അബ്ബാസിൽ അവസാനിക്കുകയാണ്. ഇബ്നു അബ്ബാസാവട്ടെ, അക്കാലത്ത് ഇത്തരം സദസ്സുകളിൽ സന്നിഹിതനാകാറുണ്ടായിരുന്നില്ല. ഇതു സംബന്ധിച്ച് ബുഖാരിയും മുസ്‌ലിമും സ്വീകരിച്ചിട്ടുള്ള നിവേദനങ്ങളിലാവട്ടെ പ്രവാചകൻ تلك الغرانقة.... لترجى എന്ന വചനങ്ങൾ ഓതിയതായി പറയുന്നുമില്ല. പ്രബലമായ നിവേദന പരമ്പരകളിലൂടെ ഉദ്ധരിക്കപ്പെട്ടതായാലും ഖുർആന് വിരുദ്ധവും ഖുർആന്റെ ആധികാരികതയെ ചോദ്യം ചെയ്യുന്നതുമായ നിവേദനങ്ങൾ തള്ളിക്കളയേണ്ടതാണ്. നിവേദന പരമ്പര ദുർബലവും അപൂർണവും കൂടിയാണെങ്കിൽ പിന്നെ അത് യാതൊരു പരിഗണനയും അർഹിക്കുന്നില്ലെന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

2. ഈ കഥ സത്യമാണെന്നു വന്നാൽ അല്ലാഹു പ്രവാചകനയച്ച ദിവ്യസൂക്തങ്ങളിൽ ചെകുത്താന് കൈകടത്താൻ കഴിയുമെന്നും കൈകടത്താറുണ്ടായിരുന്നുവെന്നും വരും. ഖുർആന്റെയും ദീനിന്റെയും ദൈവികതയെയും, പ്രവാചകന്റെ അപ്രമാദിത്വ(عصمة)ത്തെയും ചോദ്യം ചെയ്യുന്ന പ്രശ്നമാണത്. മറ്റനേകം ഖുർആൻ സൂക്തങ്ങൾക്ക് അത് വിരുദ്ധവുമാകുന്നു. ഉദാഹരണമായി, സൂറഃ *അന്നജ്മിൽ* തന്നെ അല്ലാഹു പറയുന്നു: وَمَا يَنطِقُ عَنِ ٱلْهَوَىٰٓ ﴿٣﴾ إِنْ هُوَ إِلَّا وَحْيٌ يُوحَىٰ ﴿٤﴾ (ബോധനം ചെയ്യപ്പെടുന്ന ദിവ്യ സന്ദേശമായിട്ടല്ലാതെ സ്വേഛാനുസാരം പ്രവാചകൻ ഒന്നും മൊഴിയുന്നില്ല- 53:3,4).

إِنَّهُۥ لَقُرْءَانٌ كَرِيمٌ ﴿٧٧﴾ فِى كِتَٰبٍ مَّكْنُونٍ ﴿٧٨﴾ لَّا يَمَسُّهُۥٓ إِلَّا ٱلْمُطَهَّرُونَ ﴿٧٩﴾

(മഹനീയമായ ഖുർആനാണിത്. സുരക്ഷിതമായ ഗ്രന്ഥത്തിൽ സൂക്ഷിക്കപ്പെട്ടത്. വിശുദ്ധന്മാരല്ലാതെ അത് സ്പർശിക്കുകയില്ല-56:77-79).

لَّا يَأْتِيهِ ٱلْبَٰطِلُ مِنۢ بَيْنِ يَدَيْهِ وَلَا مِنْ خَلْفِهِۦ

(അതിൽ മുന്നിലൂടെയും പിന്നിലൂടെയും അസത്യം വരാവതല്ല- 41:42).

قُلْ مَا يَكُونُ لِىٓ أَنْ أُبَدِّلَهُۥ مِن تِلْقَآئِ نَفْسِىٓ ۖ إِنْ أَتَّبِعُ إِلَّا مَا يُوحَىٰٓ إِلَىَّ

(പ്രവാചകൻ പറയുക: എന്റെ വകയായി അതിൽ ഒരു മാറ്റവും വരുത്താൻ എനിക്കാവില്ല. എനിക്ക് ലഭിക്കുന്ന ദിവ്യ ബോധനം പിന്തുടരുക മാത്രമാകുന്നു ഞാൻ-10:15).

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ ٱلْأَقَاوِيلِ ﴿٤٤﴾ لَأَخَذْنَا مِنْهُ بِٱلْيَمِينِ ﴿٤٥﴾ ثُمَّ لَقَطَعْنَا مِنْهُ ٱلْوَتِينَ ﴿٤٦﴾

(പ്രവാചകൻ നമ്മുടെ പേരിൽ വല്ലതും കെട്ടിച്ചമച്ചു പറഞ്ഞിരുന്നുവെങ്കിൽ നാം അവന്റെ വലം കൈയിൽ പിടികൂടുമായിരുന്നു. എന്നിട്ട് അവന്റെ ജീവനാഡി മുറിച്ചു കളയുമായിരുന്നു-69:44-46). ചെകുത്താൻ സ്വന്തം വക കുറെ വചനങ്ങൾ ഖുർആനിൽ തിരുകി കയറ്റുകയും അത് പ്രവാചകനെക്കൊണ്ട് പാരായണം ചെയ്യിക്കുകയും ചെയ്തുവെന്ന് പറയുന്നത് മുകളിലുദ്ധരിച്ച ഖുർആന്റെ അവകാശവാദങ്ങളുടെയെല്ലാം നിഷേധമാകുന്നു.

3. സൂറഃ *അന്നജ്മ്* അവതരിച്ചത് പ്രവാചകത്വ ലബ്ധിയുടെ അഞ്ചാം ആണ്ടിലാണെന്ന് സ്ഥിരപ്പെട്ടിരിക്കുന്നു. അതിനു ശേഷം അഞ്ചോ ആറോ വർഷം കഴിഞ്ഞാണ്, *അന്നജ്മ്* പാരായണം ചെയ്യുമ്പോൾ പ്രവാചകന് സംഭവിച്ച അബദ്ധത്തെ വിമർശിക്കുന്നത് എന്നു പറയപ്പെടുന്ന, നടേ ഉദ്ധരിച്ച സൂക്തങ്ങൾ ഉൾപ്പെടുന്ന, സൂറഃ *അൽ ഇസ്റാഅ്* അവതരിച്ചത്. പിന്നെയും രണ്ടോ മൂന്നോ വർഷം കഴിഞ്ഞാണ്

പ്രസ്തുത വിമർശനത്തിൽ മനം നൊന്ത പ്രവാചകനെ ആശ്വസിപ്പിക്കുന്നതായി പറയുന്ന, സൂറഃ *ഹജ്ജി*ലെ ഈ സൂക്തങ്ങൾ അവതരിക്കുന്നത്. ഏഴു വർഷം മുമ്പുണ്ടായ ഒരബദ്ധത്തിന്റെ പേരിൽ അഞ്ചു വർഷം കഴിഞ്ഞ് വിമർശിക്കുക, ആ വിമർശനത്തിൽ മനം നൊന്ത പ്രവാചകനെ പിന്നെയും രണ്ടു വർഷം കഴിഞ്ഞ് സമാശ്വസിപ്പിക്കുക; ഇതൊന്നും ഒട്ടും യുക്തിസഹമാകുന്നില്ല.

4. ഖുറൈശികളുടെ സഭയിൽ നബി(സ) *അന്നജ്മ്* സൂറഃ പൂർണമായി പാരായണം ചെയ്തുവെന്നും പാരായണാന്ത്യത്തിൽ അദ്ദേഹം സുജൂദ് ചെയ്തപ്പോൾ വിശ്വാസികളോടൊപ്പം സഭയിലുണ്ടായിരുന്ന അവിശ്വാസികളും സുജൂദ് ചെയ്തുവെന്നുമാണല്ലോ കഥ. ചെകുത്താൻ തിരുകിക്കയറ്റി എന്നു പറയുന്ന വചനങ്ങളുമായി അതിനു ശേഷമുള്ള വചനങ്ങൾ ഒട്ടും ചേരുന്നില്ല. അപ്പോൾ വചനക്രമം ഇങ്ങനെയാകും: "ലാത്തയുടെയും ഉസ്സയുടെയും മൂന്നാമതൊരു ദേവതയായ മനാത്തയുടെയും യഥാർഥ്യത്തെക്കുറിച്ച് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? അവ ഉന്നത ദേവതകളത്രെ. അവയുടെ ശിപാർശ പ്രതീക്ഷിക്കപ്പെടാവുന്നതുതന്നെ. എന്ത് ആൺമക്കൾ നിങ്ങൾക്കും പെൺമക്കൾ ദൈവത്തിനുമാണെന്നോ? ഇത് തീരെ അന്യായമായ വീതം വെയ്പായിപ്പോയല്ലോ. വാസ്തവത്തിൽ ഈ ദേവതകളൊക്കെയും, നിങ്ങളും നിങ്ങളുടെ പൂർവികരും വിളിച്ച ചില പേരുകളല്ലാതെ യാതൊന്നുമല്ല. അല്ലാഹു ഇവയ്ക്കൊന്നും യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ല. ഈ ജനം പിൻപറ്റുന്നത് കേവലം ഭാവനകളെയാകുന്നു. ദേഹേഛകൾക്ക് വശംവദരാവുകയും ചെയ്യുന്നു" (53:19-23). ഈ വചനങ്ങൾ കേൾക്കുന്ന ആർക്കും അതിലെ പൂർവാപര വൈരുധ്യം മനസ്സിലാകാതെ പോവില്ല.

5. പ്രവാചകൻ ജിബ്രീലിൽ നിന്ന് ഖുർആന്റെ ദിവ്യബോധനം സ്വീകരിച്ച് ജനങ്ങളിൽ അവതരിപ്പിക്കുമ്പോഴാണ് ചെകുത്താൻ ഇടപെട്ടതെന്ന് നിവേദനങ്ങൾ പറയുന്നു. ഈ സൂക്തങ്ങൾ പറയുന്നത് ചെകുത്താന്റെ ഇടപെടലുണ്ടാകാത്ത റസൂലുമില്ല, നബിയുമില്ല എന്നാണ്. വേദഗ്രന്ഥം ലഭിക്കാത്ത പ്രവാചകന്മാരാണ് നബിമാർ എന്ന കാര്യം പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അപ്പോൾ നബിമാരുടെ أمنية -ൽ ചെകുത്താൻ ഇടപെടുന്നു എന്നതുകൊണ്ട് വിവക്ഷ അല്ലാഹുവിൽ നിന്ന് വേദസൂക്തങ്ങൾ സ്വീകരിച്ച് ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുന്നതിൽ ഇടപെട്ടു എന്നല്ല എന്ന് വ്യക്തമാകുന്നു. റസൂലിനും നബിക്കും പൊതുവായിട്ടുള്ള أمنّية-ലാണ് ചെകുത്താന്റെ ഇടപെടൽ. ഇരു കൂട്ടരുടെയും പൊതുവായ أمنّية- ജനങ്ങളെ സന്മാർഗത്തിലേക്ക് നയിക്കാൻ നടത്തുന്ന പ്രവർത്തനങ്ങളും പരിപാടികളുമാണ്.

أمنّية-ന് പാരായണം (قرائة) എന്ന അർഥമേയില്ല എന്നാണ് ഇബ്നു ആശൂറാഇന്റെയും അമീൻ അഹ്സൻ ഇസ്ലാഹിന്റെയും പക്ഷം. ഉപരിസൂചിത കഥയാൽ സ്വാധീനിക്കപ്പെട്ട പണ്ഡിതന്മാർ أمنّية -ന് പാരായണം എന്നൊരർഥം കൽപിച്ച് അത് പ്രകാരം ഈ സൂക്തങ്ങളെ വ്യാഖ്യാനിക്കുകയായിരുന്നു. ആ വ്യാഖ്യാനം പ്രചാരത്തിൽ വന്ന ശേഷം ഉണ്ടായ നിഘണ്ടുകളിൽ ഈ പദത്തിന് അങ്ങനെയൊരു അർഥം കൂടി ചേർക്കപ്പെട്ടു തുടങ്ങി എന്നാണ് ഇബ്നു ആശൂറാഇന്റെ നിരീക്ഷണം. അറബിഭാഷയുടെ ആധികാരിക സ്രോതസ്സായ പൗരാണിക കവിതകളിൽ أمنّية -നെ പാരായണം എന്ന അർഥത്തിൽ പ്രയോഗിച്ചു കാണുന്നില്ല. ഉണ്ടെന്ന് പറയുന്നവർ കാര്യമായി ഉന്നയിക്കുന്നത് ഹസ്സാൻ ബിൻ ഥാബിത് ഉഥ്മാ(റ)നെക്കുറിച്ച് പാടിയ വിലാപ കാവ്യത്തിലെ ഈ ഈരടിയാണ്:

تَمنّی کِتابَ اللهِ أوّلَ لَيْلِه　　واخره لاقى حمَامَ المَقادر

'രാത്രിയുടെ ആദ്യയാമത്തിൽ അദ്ദേഹം ഖുർആൻ പാരായണം ചെയ്തു. അന്ത്യയാമത്തിൽ മരണത്തിന്റെ വിധിയുമായി സന്ധിച്ചു' എന്നാണതിന് അവർ അർഥം കൽപിക്കുന്നത്. എന്നാൽ കവി ഉദ്ദേശിച്ച ആശയം അതല്ല; മറിച്ച് 'രാത്രി അദ്ദേഹം ഖുർആൻ പാരായണം ചെയ്യാൻ കൊതിച്ചു. പക്ഷേ അദ്ദേഹത്തിനത് സാധിച്ചില്ല, അന്ത്യയാമത്തിൽ ഉപരോധക്കാർ അദ്ദേഹത്തെ വധിച്ചു' എന്നാണ്. പ്രവാചകൻ സൂറഃ *അന്നജ്മ്* ജനങ്ങൾക്ക് മുമ്പിൽ പാരായണം ചെയ്തപ്പോൾ ചെകുത്താൻ ഇട്ടു കൊടുത്ത വചനങ്ങൾ കൂടി പാരായണം ചെയ്തുവെന്ന കഥ പ്രചരിക്കാനും, പ്രഗത്ഭരായ ഖുർആൻ വ്യാഖ്യാതാക്കളെ വരെ അത് സ്വാധീനിക്കാനുമുണ്ടായ സാഹചര്യം പണ്ഡിതന്മാർ ഇങ്ങനെ വിശദീകരിക്കുന്നു: വിശ്വാസികളും അവിശ്വാസികളുമടങ്ങുന്ന വലിയൊരു സഭയിലാണ് പ്രവാചകൻ സൂറഃ *അന്നജ്മ്* ആദ്യമായി പാരായണം ചെയ്യുന്നത്. നബി(സ)യുടെ ഭക്തിനിർഭരവും സ്വരമധുരവുമായ പാരായണം സദസ്സിനെ ഒന്നടങ്കം തരളിതമാക്കി. അവരാ സ്വരസുധയിലും അതിന്റെ ആശയഗാംഭീര്യത്തിലും സ്വയമറിയാതെ ലയിച്ചുപോയി. പാരായണ സമാപനത്തിൽ പ്രവാചകൻ സാഷ്ടാംഗം പ്രണാമം ചെയ്തപ്പോൾ ഒപ്പം അവരെല്ലാവരും അനിഛയാ പ്രണാമത്തിൽ വീണുപോയി. ഇത് സഭയിലുണ്ടായിരുന്ന അവിശ്വാസികളായ ഖുറൈശി പ്രമുഖർക്ക് വലിയ നാണക്കേടായി. തങ്ങളുടെ ദേവതകളെ വിമർശിക്കുന്ന, മുഹമ്മദിന്റെ വാഗ്ധോരണിയിൽ മതിമറന്ന് അയാളോടൊപ്പം പ്രണാമം ചെയ്തതിലുള്ള ജാള്യത മാറ്റാൻ അവർക്ക് എന്തെങ്കിലും ഉപായം കണ്ടെത്തേണ്ടതുണ്ടായിരുന്നു. അങ്ങനെയാണ് മുഹമ്മദിന്റെ ഖുർആനിൽ തങ്ങളുടെ ദേവതകളെ പുകഴ്ത്തുന്ന സൂക്തങ്ങളുണ്ടെന്ന പ്രചാരണം ആവിഷ്കരിച്ചത്. ശബ്ദാനുകരണത്തിൽ നിപുണനായ ഇബ്നു സബ്അ്റാബ് എന്നയാൾ പ്രവാചകന്റെ ഈണത്തിലും രാഗത്തിലും تلكَ الغَرَانَقَةُ.......لَتُرجى എന്ന വചനങ്ങൾ ഓതി നടന്നു. അവിശ്വാസികൾ മാത്രമല്ല, ചില മുസ്ലിംകളും അത് വിശ്വസിക്കാനിടയായി. ഖുറൈശികൾ പറഞ്ഞു: "മുഹമ്മദ് ദേവതകളെ സ്തുതിക്കുന്ന വചനങ്ങൾ ഓതിയതുകൊണ്ടാണ് ഞങ്ങൾ അയാളോടൊപ്പം പ്രണാമം ചെയ്തത്. ഇപ്പോൾ നമ്മളും അയാളും തമ്മിലുള്ള തർക്കം തീർന്നിരിക്കുന്നു." വാർത്ത കാട്ടുതീ പോലെ പരന്നു. അറേബ്യയുടെ അതിരുകൾ ഭേദിച്ച് അബ്സീനിയയിലെ മുഹാജിറുകളിൽ വരെ അതെത്തി. അവരിൽ ചിലർ മക്കയിൽ ഇസ്ലാമിനനുകൂലമായ അന്തരീക്ഷം സംജാതമായിരിക്കുന്നു എന്നു ധരിച്ചു തിരിച്ചുപോരുകയുണ്ടായി. എന്നാൽ, മക്കയിലെ സ്ഥിതിഗതികൾ പഴയപടി തുടരുകയായിരുന്നു. അവിശ്വാസികളായ ഖുറൈശികൾ മുസ്ലിം മർദനം ശക്തിപ്പെടുത്തിക്കൊണ്ടേയിരുന്നു. എന്നിട്ടും ഈ കഥയെ അതിലടങ്ങിയ ദൗർബല്യങ്ങളും വൈരുധ്യങ്ങളും, അത് സ്വീകരിക്കുന്നതിന്റെ പരിണതികളും പരിഗണിക്കാതെ പ്രകൃത സൂക്തങ്ങളുമായി കൂട്ടിക്കെട്ടി വ്യാഖ്യാനിക്കുകയായിരുന്നു ചിലർ. പ്രസ്തുത കഥയാണ് ഈ സൂക്തങ്ങളുടെ അവതരണ കാരണം سبب النّزول എന്നുവരെ പ്രസ്താവിച്ചവരുണ്ട്. മൗലാനാ മൗദൂദി തന്റെ *തഫ്ഹീമുൽ ഖുർആനി*ലും ശൈഖ് മുഹമ്മദ് അത്ത്വാഹിർ തന്റെ *അത്തഹ്രീറു വത്തൻവീറി*ലും ഈ വിഷയം വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. ■